**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 186** **13-12-2022 - ൽ മറുപടിയ്ക്ക്**

**ഇന്ത്യ ഇന്നൊവേഷൻ സെന്റർ ഫോർ ഗ്രാഫീൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം.വിജിൻ,<br>ശ്രീ. പി.വി. ശ്രീനിജിൻ,<br>ശ്രീ എം എസ് അരുൺ കുമാർ,<br>ഡോ സുജിത് വിജയൻപിള്ള** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | ഗ്രാഫീൻ ഗവേഷണത്തിൽ പങ്കാളിയാകുന്ന രാജ്യത്തെ ആദ്യ സംസ്ഥാനമെന്ന ലക്ഷ്യം നിറവേറുന്നതിനായി സ്ഥാപിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ള ഗ്രാഫീൻ ഇന്നൊവേഷൻ സെന്റർ സംബന്ധിച്ച പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്.<br><br>ഗ്രാഫീൻ ഇന്നൊവേഷൻ സെന്ററിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനായി, എറണാകുളം കളമശ്ശേരിയിലെ കിൻഫ്ര ഹൈടെക് പാർക്കിലെ കേരള ടെക്നോളജി ഇന്നൊവേഷൻ സോണിലെ മേക്കർ വില്ലേജിൽ വാഗ്ദാനം ചെയ്യപ്പെട്ട സ്ഥലത്തു ഒരു ക്ലീൻ റൂം നിർമിക്കുന്ന പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. കേരളത്തിലെ ഏറ്റവും മികച്ച ക്ലീൻ റൂം സൗകര്യങ്ങളിൽ ഒന്ന് ഇതിലൂടെ ലക്ഷ്യമിടുന്നു. സെന്ററിന്റെ ഭാഗമായി ഉൽപന്ന വികസനപ്രവർത്തനങ്ങൾ തുടങ്ങിക്കഴിഞ്ഞു. ഉൽപ്പന്നങ്ങളുടെ ഗവേഷണം, വിപണി കണ്ടെത്തൽ എന്നിവയെല്ലാം സെന്ററിലൂടെ വിഭാവനം ചെയ്യുന്നുണ്ട്. വ്യാവസായിക വളർച്ചക്ക് ഈ പ്രവർത്തനങ്ങൾ വളരെ ഉപകാരപ്രദമാണ്. അതോടൊപ്പം തന്നെ നൂതനമായ ഉപകരണങ്ങൾ വാങ്ങുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളും നടക്കുന്നു. 2023 സെപ്റ്റംബർ- ഒക്ടോബർ മാസങ്ങളിൽ ഈ സെന്റർ ഓഫ് എക്സലൻസ്, മേക്കർ വില്ലേജിൽ പൂർണതോതിൽ പ്രവർത്തന നിരതമാകുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | ഇന്ത്യ ഇന്നൊവേഷൻ സെന്റർ ഫോർ ഗ്രാഫീൻ പ്രവർത്തനം ആരംഭിക്കുന്നതോടുകൂടി എന്തൊക്കെ മാറ്റങ്ങളാണ് ഈ മേഖലയിൽ ഉണ്ടാകുന്നതെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ഗ്രാഫീൻ അനുബന്ധ ഗവേഷണത്തോടൊപ്പം തന്നെ ചെറിയ വ്യവസായ സംരംഭകർക്കുള്ള സഹായങ്ങളും പ്രദാനം ചെയ്യാൻ പദ്ധതിയിടുന്നത് വഴി ഗ്രാഫീൻ അനുബന്ധ വ്യവസായങ്ങളുടെ വളർച്ചക്കനുയോജ്യമായ ഒരു അന്തരീക്ഷം സൃഷ്ടിക്കാൻ സാധിക്കും. ആധുനിക ഗവേഷണ ഉപകരണങ്ങൾ മറ്റു ഗവേഷകർക്കും വ്യവസായങ്ങൾക്കും ഉപയോഗപ്രദമാവുകയും ചെയ്യും. കേരളത്തിൽ ഗ്രാഫീൻ അനുബന്ധ വ്യാവസായിക |

| | | | |
|---|---|---|---|
| | | | വളർച്ചക്ക് നാന്ദി കുറിക്കാൻ ഈ സെന്ററിന്റെ പ്രവർത്തനങ്ങൾ സഹായിക്കും. |
| (സി) | ഗ്രാഫീൻ ഇന്നൊവേഷൻ സെന്റർ പ്രവർത്തന സജ്ജമാകുന്നതോടുകൂടി വിദ്യാർത്ഥികൾക്കും ഗവേഷകർക്കും വ്യവസായങ്ങൾക്കും സ്റ്റാർട്ടപ്പുകൾക്കും ഏതെല്ലാം രീതിയിൽ ആയത് പ്രയോജനകരമാകുമെന്നാണ് വിലയിരുത്തിയിട്ടുള്ളത്; വിശദമാക്കുമോ? | (സി) | ഗ്രാഫീൻ സെന്ററിൽ പ്രവർത്തന സജ്ജമാകുന്ന നൂതന ഉപകരണങ്ങൾ മറ്റു ഗവേഷണ വിദ്യാർത്ഥികൾക്കും ഉപയോഗയോഗ്യമാക്കുന്നത് ഈ മേഖലയിലെ ഗവേഷണത്തെ സഹായിക്കുമെന്ന് കരുതുന്നു. വ്യവസായങ്ങൾക്കും ഈ സൗകര്യങ്ങൾ ഉപകാരപ്രദമാകുന്നതാണ്. വ്യവസായ സംരംഭകർക്ക് ഗ്രാഫീൻ ഗവേഷകരുമായി സംവദിക്കാനുള്ള സാഹചര്യം ഈ സെന്ററിലൂടെ ലഭിക്കും. പുതുസംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനാവശ്യമായ ചില പദ്ധതികളും (ഗ്രാന്റുകൾ, ഇൻകുബേഷൻ സൗകര്യം) ഈ സെന്ററിലൂടെ ലക്ഷ്യമിടുന്നുണ്ട്. |

സെക്ഷൻ ഓഫീസർ